പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2024 — 17.12.2012 ൽ മറുപടിക്ക്

## രാഷ്ട്രീയ നേതാക്കൾ പൊതുയോഗങ്ങളിൽ നടത്തുന്ന പ്രസംഗങ്ങളിലെ പരാമർശങ്ങളെ അടിസ്ഥാനമാക്കി എടുക്കുന്ന ക്രിമിനൽ കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | രാഷ്ട്രീയ നേതാക്കൾ പൊതുയോഗങ്ങളിൽ നടത്തുന്ന പ്രസംഗങ്ങളിലെ പരാമർശങ്ങളെ അടിസ്ഥാനമാക്കി ക്രിമിനൽ കേസുകൾ എടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ക്രമസമാധാന പ്രശ്നത്തിനിടയാക്കുന്ന പരാമർശങ്ങളും കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വെളിപ്പെടുത്തലുകളുമടങ്ങുന്ന പരാമർശങ്ങളുമുള്ള പ്രസംഗങ്ങൾ അടിസ്ഥാനമാക്കി ക്രിമിനൽ കേസുകൾ രജിസ്റ്റർചെയ്ത് വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം എടുത്ത കേസുകൾ/അറസ്റ്റുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (ബി) | 18.5.2011 ന് ശേഷം എടുത്ത കേസുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കണ്ണൂർ എം.പി. കെ. സുധാകരൻ, ബഷീർ എം.എൽ.എ. എന്നിവർ നടത്തിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അറസ്റ്റ് നടത്തിയിട്ടുണ്ടോ; | (സി) | കണ്ണൂർ എം.പി. ശ്രീ. സുധാകരൻ നടത്തിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ123/2011 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത കേസ് തിരുവനന്തപുരം സിറ്റി ക്രൈം ഡിറ്റാച്ച്മെന്റ് വിഭാഗം അന്വേഷണം നടത്തിവരുന്നു. അറസ്റ്റ് ചെയ്തിട്ടില്ല.<br>കുളക്കാടൻ സഹോദരൻമാർ മരണപ്പെട്ടതിനെ തുടർന്ന് ശ്രീ. പി.കെ. ബഷീർ എം.എൽ.എ. 03.06.2012 ന് കുനിയിൽ നടന്ന ചടങ്ങിനെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗം പ്രകോപനപരമായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ആറാം പ്രതിയായി ചേർത്ത് 240/12 നമ്പരായി കേസ് രജി |

സ്റ്റർ ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്തിട്ടില്ല. കൂടാതെ 20.11.2008 ന് എടവണ്ണ പോലീസ് സ്റ്റേഷൻ പരിധിയിലെ പുന്നരുത്തി ഗ്രൗണ്ടിൽ വച്ച് ഐ.യു.എം.എല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പൊതുയോഗത്തിൽ ശ്രീ.പി.കെ. ബഷീർ എം.എൽ.എ നടത്തിയ പ്രസംഗം പ്രകോപനപരമായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമം 195(A) 506(ii) എന്നീ വകുപ്പുകൾ പ്രകാരം എടവണ്ണ പോലീസ് സ്റ്റേഷനിൽ 286/2008 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. അറസ്റ്റ് ചെയ്തിട്ടില്ല.

(ഡി) രാഷ്ട്രീയ മുതലെടുപ്പിന് വേണ്ടി പോലീസിനെയും നിയമ സംവിധാനങ്ങളെയും ദുരുപയോഗം ചെയ്തുകൊണ്ട് രാഷ്ട്രീയ എതിരാളികൾക്കെതിരെ മാത്രം കേസ് എടുക്കുന്നതും തിടുക്കത്തിൽ അറസ്റ്റ് ചെയ്യുന്നതുമായ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) ഇത്തരം പ്രവണതകൾ അവസാനിക്കാൻ നടപടി സ്വീകരിക്കുമോ ?

ബാധകമല്ല.

സെക്ഷൻ ഓഫീസർ

(1) 25/05/2012 ന് മണക്കാട് എന്ന സ്ഥലത്ത് നടന്ന ഒരു പൊതുസമ്മേളനത്തിൽ മുൻ സി പി എം ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. എം.എം. മണി നടത്തിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ, തൊടുപുഴ പോലീസ് ഇൻസ്പെക്ടർ ഇന്ത്യൻ ശിക്ഷാ നിയമയം 302,109,118 വകുപ്പുകൾ പ്രകാരം സുവോ മോട്ടോ ആയി രജിസ്റ്റർ ചെയ്ത ക്രൈം 1196/2012 കേസിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരുന്നു.

(2) 19/10/2012 ന് ശ്രീ. എം.വി ജയരാജൻ സി പി എം സംസ്ഥാന സെക്രട്ടേറിയേറ്റ് മെമ്പർ, SFI കണ്ണൂർ യൂണിറ്റിൻറെ സ്റ്റേഡിയം കോർണറിൽ നടന്ന പൊതുയോഗം ഉൽഘാടനം ചെയ്ത സംസാരിക്കവെ,' യൂണിഫോം അഴിച്ച് വെച്ചാൽ എല്ലാ പോലീസുകാരനും , സാധാരണക്കാരനാണെന്നു, അവരെ എവിടെ കണ്ടാലും തല്ലിക്കോളൂ" എന്ന് ആഹ്വാനം ചെയ്തതിനു കണ്ണൂർ ടൌൺ P.S.Cr. 1545/11 U/s 116,117 IPC and Sec.117(e) of K P Act ആയി കേസ് രജിസ്റ്റർ ചെയ്യുകയും 14/03/2012 ന് കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(3) 4/6/2012 ന് തളാപ്പിൽ ഉള്ള അഴീക്കോടൻ മന്ദിരത്തിൽ വെച്ച് പ്രതി പി. ജയരാജൻ (സി പി എം കണ്ണൂർ ജില്ലാ സെക്രട്ടറി) പത്ര സമ്മേളനം നടത്തി ഷുക്കൂർ വധക്കേസിൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി എന്ന കുറ്റത്തിന് കണ്ണൂർ ടൌൺ P.S.Cr. 1093/12 U/s 117(e) of K P Act ആയി കേസ് രജിസ്റ്റർ ചെയ്യുകയും കോടതിയിൽ5/9/2012 ന് കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(4) 8.6.12 ന് പി.ജയരാജൻ , എം.വി ജയരാജൻ , പി.രാമചന്ദ്രൻ തുടങ്ങി 1200 ഓളം സി പി എം പ്രവർത്തകർ, സി പി എം പ്രവർത്തകരെ അറസ്റ്റ് ചെയ്ത പീഢിപ്പിക്കുന്നു എന്ന് ആരോപിച്ച് DySP ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ DySP യെയും മറ്റ് പോലീസ് ഉദ്യോഗസ്ഥരെയും പേര് വിളിച്ച് പറഞ്ഞ് കയ്യും കാലും മുറിച്ച് മാറ്റി കെട്ടിത്തൂക്കുമെന്ന് പ്രകോപനപരമായ മുദ്രാവാക്യം വിളിച്ച് മാർഗ്ഗതടസ്സം സൃഷ്ടിച്ചു എന്നുള്ള കാര്യത്തിന് കണ്ണൂർ ടൌൺ P.S.Cr. 1109/12 U/s 143,147,283,294(b),506(1) r/w 149 IPC and Sec.117(e) of K P Act ആയി കേസ് രജിസ്റ്റർ ചെയ്തത് അന്വേഷണം നടത്തി വരുന്നു.

(5) 5/6/12 ന് തളിപ്പറമ്പ് അംശം , ന്യൂസ് കോർണർ ഭാഗത്ത് നിന്ന് കോർട്ട് റോഡിൽ കൂടി പോലീസിന് എതിരെ മുദ്രാവാക്യം വിളിച്ചു കൊണ്ട് സി പി എം പ്രവർത്തകരായ വാസുദേവൻ, പി.ജയരാജൻ, ജെയിംസ് മാത്യു, എം.വി. ജയരാജൻ, കെ.കുഞ്ഞപ്പ ബാലകൃഷ്ണൻ, കെ.സന്തോഷ് തുടങ്ങി ഇരുപത്തിയാറോളം പേർ ന്യായ വിരോധമായി സംഘം ചേർന്നു പ്രകടനമായി പോലീസ് സ്റ്റേഷൻ ഭാഗത്തേക്ക് വന്ന് മാർഗ്ഗതടസ്സം സൃഷ്ടിച്ചു എന്നും പ്രകടനത്തിൽ പ്രസംഗിച്ച എം.വി. ജയരാജൻ പോലീസിൻറെ കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തുന്ന വിധത്തിൽ ഭീഷണി പ്പെടുത്തി പ്രസംഗിച്ചു എന്നുള്ള കാര്യത്തിന് തളിപ്പറമ്പ് പി.എസ്. Cr.715 /12 U/s 143,147,283,r/w 149 IPC. And 117(e) of KP Act ആയി കേസ് രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തി വരുന്നുണ്ട്.

(6) 26/5/12 തീയതി ടി.പി ചന്ദ്രശേഖരൻ വധ കേസിലെ പ്രതികൾക്കെതിരെ ഉള്ള പോലീസ് നടപടികളിൽ പ്രതിഷേധിച്ച് സി പി ഐ (എം) .എം.എൽ.എ ശ്രീ എളമരം കരീമിൻറെ നേതൃത്വത്തിൽ രണ്ടായിരത്തോളം സി.പിഎം. പ്രവർത്തകർ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലേക്ക് മാർച്ച് നടത്തുകയും മാർഗ്ഗ തടസ്സം സൃഷ്ടിക്കുകയും കേസ്

അന്വേഷിക്കുന്ന അന്വേഷണ സംഘത്തിലെ അംഗമായ ഡി വൈ എസ പി ക്കെതിരെ പ്രകോപന പരമായി പ്രസംഗിക്കുകയും കേസ്സന്വേഷണം തടസ്സപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ ടിയാനെ ഭീഷണിപ്പെടുത്തി പ്രസംഗിച്ച എന്നുമുള്ള കാര്യത്തിന് വടകര പി എസ്സിൽ കേസ് രജിസ്റ്റർ ചെയ്യുകയും ബഹു: കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 488/12

(7) 28/5/2012 ന് ഡി വൈ എഫ് ഐ കോഴിക്കോട് ജില്ലാക്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വടകര കോട്ടപ്പറമ്പിൽ നടന്ന പൊതുയോഗത്തിൽ സംസാരിച്ച ശ്രീ. എളമരം കരീം എം എൽ.എ , ചന്ദ്ര ശേഖരൻ വധക്കേസിലെ പ്രതിയുടെ കൈയ്യിൽ അരിവാൾ ചുറ്റിക നക്ഷത്രം പച്ച കുത്തിയത് മൊബൈൽ ഫോണിൽ എടുത്ത് പത്രങ്ങൾക്ക് നൽകിയത് എ എസ്ഐ രാമചന്ദ്രൻ ആണെന്നും 'മോനെ രാമചന്ദ്രാ നിന്നെ ഞങ്ങൾ കണ്ടോളാം' കീരൻ പോലീസ് എന്നും മറ്റും പറഞ്ഞു പരാതിക്കാരനെ ഭീഷണിപ്പെടുത്തി എന്നും ഉള്ള കാര്യത്തിന് കേസ് രജിസ്റ്റർ ചെയ്ത് ബഹു: കോടതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 509/12 Vadakara PS

(8) 10/10/2011 ന് തീയതി ഡി വൈ എഫ് ഐ ജില്ല പ്രസിഡൻറ് എം. ഗിരീഷ് , മറ്റ് ഡി വൈ എഫ് ഐ നേതാക്കളായ നിഖിൽ, ഷംസീർ, ഭരദ്വാജ് എന്നിവരുടെ നേതൃത്വത്തിൽ നൂറ്റിയമ്പതോളം പ്രവർത്തകർ ന്യായ വിരോധമായി സംഘം ചേർന്ന് മുൻ അനുമതിയില്ലാതെ സിറ്റി പോലീസ് കമ്മീഷണർ ഓഫീസിനു മുൻ വശം റോഡിൽ നിന്ന് മുദ്രാവാക്യം വിളിച്ച് കസബ സി ഐ യെയും നോർത്ത് എ സി പി രാധകൃഷ്ണപിള്ളയെയും വീട് കയറി ആക്രമിച്ച് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതിനു കസബ ps Cr. No. 637/11/U/s 143,147,506(II) 283 r/w 149 IPC &Sec.117(e) of KP Act. ആയി കേസ് രജിസ്റ്റർ ചെയ്തു കുറ്റ പത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(9) 20/10/2011 ന് കസബ അംശം സ്റ്റേഡിയം ബിൽഡിംഗിന് സമീപം വച്ച് പ്രതി ഗ്രോവാസു എന്നയാൾ 35 ഓളം എസ് ഡി പി ഐ പ്രവർത്തകരെ അഭിസംബോധന ചെയ്ത് പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കാൻ പ്രേരണ നൽകികൊണ്ട് പ്രസംഗിച്ചു എന്നതിനു കസബ PS Cr. No.660/11/U/s 116, 117 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തു ബഹു കോടതിയിൽ കുറ്റപത്രിക സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ